അവശസമുദായ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ.

* 237. [53] ശ്രീ. സി. സി. അയ്യപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ 4 വർഷത്തിനുള്ളിൽ അവശസമുദായത്തിൽപ്പെട്ട ഏതെങ്കിലും വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഗവണ്മെൻറ് തടഞ്ഞുവച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആരുടെയെല്ലാം ; തടഞ്ഞുവയ്ക്കാൻ കാരണമെന്ത് ;

(സി) തടഞ്ഞുവയ്ക്കപ്പെട്ട വിദ്യാഭ്യാസാനുകൂല്യങ്ങൾ വീണ്ടും ആക്കെങ്കിലും കൊടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആക്കെല്ലാം ?

തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഉണ്ട്.

(ബി) 1. ശ്രീ. എം. കുട്ടൻ, സെൻറ് തോമസ് കോളേജ്, ത്രിശ്ശൂർ.

2. എം. കൃഷ്ണൻ, ടെക്സ്റ്റയിൽ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം.

3. പി. കൊച്ചുരാമൻ ടി

4. ടി. വി. വേലു, ആയുർവ്വേദകോളേജ്, തിരുവനന്തപുരം.

5. കെ. വി. വാസുദേവൻ ടി

6. ഒ. സി. മുരളി ടി

7. എൻ. കൃഷ്ണൻകുട്ടി, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം.

8. എസ്. രാഘവൻ, എസ്. ഡി. കോളേജ്, ആലപ്പുഴ.

ഇവരിൽ ഒന്നുമുതൽ ആറുവരെ പേരുകാർ അവർ മുമ്പു പഠിച്ചിരുന്ന കോഴ്സ് പൂർത്തിയാക്കാതെ പിരിഞ്ഞുപോന്നു. വേറൊരു കോഴ്സിനു പഠിച്ചതുകൊണ്ടും ശ്രീ. എൻ. കൃഷ്ണൻകുട്ടി (നമ്പർ 7) ഇപ്പോൾ പഠിക്കുന്ന ബി. എ. കോഴ്സിനു പ്രവേശനം കിട്ടാൻ യോഗ്യതയായി പരിഗണിക്കപ്പെടാത്തതും അതുമായി ബന്ധമില്ലാത്തതുമായ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സിനു പഠിച്ചു ഗവണ്മെൻറിൽനിന്നും സൌജന്യങ്ങൾ വാങ്ങിച്ചിരുന്നതുകൊണ്ടുമാണ് അവരുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ തടഞ്ഞത്. ശ്രീ. എസ്. രാഘവൻ (എസ്. നമ്പർ 8) ഡിപ്പാർട്ടുമെൻറിൽനിന്നും നൽകുന്ന സൌജന്യങ്ങൾക്കു പുറമെ മെറിറ്റ് സ്കോളർഷിപ്പുകൂടി സ്വീകരിച്ചതിനാൽ ഡിപ്പാർട്ടുമെൻറ് സൌജന്യങ്ങൾ തടഞ്ഞു.

(സി) തടഞ്ഞുവയ്ക്കപ്പെട്ട സൌജന്യങ്ങൾ ശ്രീ. എസ്. രാഘവൻ, എം. കുട്ടൻ, എം. കൃഷ്ണൻ, പി. കൊച്ചുരാമൻ, എൻ. കൃഷ്ണൻകുട്ടി എന്നിവർക്ക് വീണ്ടും കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly